II. ചരമോപചാരം

മുൻമന്ത്രി കൃഷ്ണൻ കണിയാംപറമ്പിലിന്റെ നിര്യാണം

മി. സ്പീക്കർ: മൂന്നര പതിറ്റാണ്ടുകാലം ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിവിധ തലങ്ങളിൽ പ്രവർത്തിച്ച് പൊതുരംഗത്ത് തനതായ വ്യക്തിമുദ്ര പതിപ്പിച്ച മുൻമന്ത്രി കൃഷ്ണൻ കണിയാംപറമ്പിൽ അകാലത്തിൽ നമ്മെ വിട്ടുപിരിഞ്ഞു. 9.30 A.M.]

മണലൂർ കണിയാംപറമ്പിൽ കിട്ടുവിന്റെ മകനായി 1948-ൽ ജനിച്ച കൃഷ്ണൻ കണിയാംപറമ്പിൽ വിദ്യാർത്ഥിയായിരിക്കേ കമ്മ്യൂണിസ്റ്റ് ആദർശങ്ങളിലാകൃഷ്ടനായി. ഹൈസ്ക്കൂൾ വിദ്യാഭ്യാസാനന്തരം 17-ാം വയസ്സിൽ സി.പി.ഐ.യിൽ അംഗമായി ചേർന്ന കൃഷ്ണൻ കണിയാംപറമ്പിൽ വിദ്യാർത്ഥി യുവജന സംഘടനകളുടെ പോരാട്ടങ്ങൾക്ക് ആവേശകരമായ നേതൃത്വം നൽകി. അവഗണിക്കപ്പെട്ടിരുന്ന കർഷകത്തൊഴിലാളികളെ സംഘടിപ്പിക്കുന്നതിനും പെത്തുതൊഴിലാളികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും അദ്ദേഹം നിരന്തരം പ്രയത്നിച്ചു.

ചടുലമായ പ്രവർത്തനശൈലിയും തികഞ്ഞ പ്രതിബദ്ധതയും കൈമുതലായിട്ടുള്ള കൃഷ്ണൻ കണിയാംപറമ്പിൽ സി.പി.ഐ. തൃശ്ശൂർ ജില്ലാ സെക്രട്ടറിയായും സി.പി.ഐ. സ്റ്റേറ്റ് കമ്മിറ്റിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്. കരുത്തുറ്റ സംഘാടകനും വാഗ്മിയുമായിരുന്ന അദ്ദേഹം സി.പി.ഐ. തൃശൂർ ജില്ലാ അസിസ്റ്റന്റ് സെക്രട്ടറി, ഭാരതീയ കിസാൻ മസ്ദൂർ യൂണിയൻ ജില്ലാ പ്രസിഡൻറ്, ആൾ ഇൻഡ്യ ഫെഡറേഷൻ ഓഫ് ഫിഷർമെൻ സംസ്ഥാന പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചു.

1987-ലും 1991-ലും 1996-ലും നാട്ടിക നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ കൃഷ്ണൻ കണിയാംപറമ്പിൽ ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ നിയമസഭാവേദിയെ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് മികച്ച പാർലമെന്റേറിയൻ എന്ന ഖ്യാതി നേടി. 1991 മുതൽ 1996 വരെ അദ്ദേഹം നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ചു. എസ്റ്റിമേറ്റ്സ് കമ്മിറ്റി ചെയർമാനായിരിക്കേ 1997-ൽ കൃഷിമന്ത്രിയായി ചുമതലയേറ്റ കൃഷ്ണൻ കണിയാംപറമ്പിൽ സംസ്ഥാനത്തെ കാർഷികമേഖല അഭിമുഖീകരിച്ച ഗുരുതരമായ പ്രതിസന്ധി മറികടക്കുവാൻ ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ഏറെ പ്രശംസ പിടിച്ചുപറ്റി.

കരുത്തുറ്റ സംഘാടകനും മികച്ച പാർലമെന്റേറിയനും അർപ്പണബോധമുള്ള ഭരണാധികാരിയുമായിരുന്ന കൃഷ്ണൻ കണിയാംപറമ്പിലിന്റെ വേർപാട് പൊതുജീവിതത്തിനും ജനാധിപത്യ കേരളത്തിനും കനത്ത നഷ്ടമാണ്.

അന്തരിച്ച മഹത്വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അൽപ്പസമയം എഴുന്നേറ്റുനിൽക്കാം.

(അന്തരിച്ച മുൻമന്ത്രി കൃഷ്ണൻ കണിയാംപറമ്പിലിനോടുള്ള ആദരസൂചകമായി സഭാഗംങ്ങൾ അല്പസമയം എഴുന്നേറ്റു നിന്ന് മൗനമാചരിച്ചു)

LIBRARY ARCHIVES Kerala Legislative Assembly